13. 07. 25 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 03–02–06

# പരമാത്മ സ്നേഹത്തിൽ വ്യർത്ഥത്തിന്റെ പേരും അടയാളവും ഇല്ലാത്ത സമ്പൂർണ്ണ പവിത്രതയുടെ സ്ഥിതി ഉണ്ടാക്കൂ.

ഇന്ന് ബാപ്ദാദ നാനാഭാഗത്തുമുള്ള തന്റെ പ്രഭു പ്രീയരായ കുട്ടികളെ കാണുകയാണ്. മുഴുവൻ വിശ്വത്തിലെ തിരഞ്ഞെടുക്കപ്പെട്ട കോടിയിൽ ചിലരാണ് ഈ പരമാത്മ സ്നേഹത്തിന് അധികാരിയാകുന്നത്. പരമാത്മ സ്നേഹം ആണ് കുട്ടികളായ നിങ്ങളെ ഇവിടെ കൊണ്ട് വന്നത്. പരമാത്മ സ്നേഹം മുഴുവൻ കല്പത്തിലും ഈ സമയത്താണ് അനുഭവം ചെയ്യുന്നത്. മറ്റെല്ലാ സമയത്തും ആത്മാക്കളുടെ സ്നേഹം, മഹാൻ ആത്മാക്കളുടെ ധർമ്മആത്മാക്കളുടെ സ്നേഹം അനുഭവിച്ചു ഇപ്പോൾ പരമാത്മ സ്നേഹത്തിന് പാത്രമായി. ആരെങ്കിലും നിങ്ങളോടു ചോദിക്കുകയാണ് പരമാത്മാവ് എവിടെയാണ്? എങ്കിൽ എന്ത് പറയും? പരമാത്മ പിതാവ് നമ്മുടെ കൂടെയുണ്ട്. നമ്മൾ പരമാത്മാവിന്റെ കൂടിയിരിക്കുന്നു. പരമാത്മാവിനും നമ്മൾ ഇല്ലാതെ ഇരിക്കാൻ കഴിയില്ല നമ്മുക്ക് പരമാത്മാവില്ലാതെ ഇരിക്കാനാവില്ല. ഇത്രയ്ക്ക് സ്നേഹം അനുഭവമാകുന്നുണ്ടോ? ദൃഢമായി പറയും പരമാത്മാവ് നമ്മുടെ ഹൃദയത്തിൽ ഇരിക്കുന്നു നമ്മൾ പരമാത്മാവിന്റെ ഹൃദയത്തിൽ ഇരിക്കുന്നു. അങ്ങനെ അനുഭവികളല്ലേ! അനുഭവി ആണോ? എന്താണ് ഹൃദയത്തിൽ വരുന്നത്? നമ്മൾ അനുഭവികളായില്ലെങ്കിൽ പിന്നെ ആരാണാകുന്നത്! ബാബയും അങ്ങനെ സ്നേഹത്തിന്റെ അധികാരി കുട്ടികളെ കണ്ടു സന്തോഷിക്കുന്നു. പരമാത്മ സ്നേഹത്തിന്റെ അടയാളമാണ് സ്നേഹം ആരോട് ഉണ്ടോ സർവ്വതും അവർക്ക് ബലിയർപ്പിക്കാൻ സഹജമായി തയ്യാറാകുന്നു. ബാബ എന്താണോ ആഗ്രഹിക്കുന്നത് ഓരോ കുട്ടിയും ബാബയ്ക്ക് സമാനമാകണം, ഓരോരുത്തരുടെയും മുഖത്തിലൂടെ ബാബ പ്രത്യക്ഷമാകണം,നിങ്ങൾ എല്ലാവരും അതുപോലെ ആയിത്തീർന്നോ? ബാപ്ദാദയുടെ ഹൃദയത്തിനിഷ്ടപ്പെട്ട സ്ഥിതി അറിയാമോ! ബാബയുടെ ഹൃദയത്തിനിഷ്ടപ്പെട്ട സ്ഥിതിയാണ് സമ്പൂർണ്ണ പവിത്രത. ഈ ബ്രാഹ്മണ ജന്മത്തിന്റെ അടിത്തറ സമ്പൂർണ്ണ പവിത്രതയാണ്. സമ്പൂർണ്ണ പവിത്രതയുടെ ആഴം അറിയാമോ? സങ്കല്പത്തിലോ സ്വപ്നത്തിലോ അപവിത്രയുടെ പേരോ അടയാളമോ അംശം പോലും ഉണ്ടാകരുത്. ബാപ്ദാദ ഇപ്പോഴത്തെ സമയത്തിന്റെ സമീപതയ്ക്കനുസരിച്ച് വീണ്ടും ശ്രദ്ധ ആകർഷിക്കുകയാണ് സമ്പൂർണ്ണ പവിത്രതയുടെ കണക്കിൽ വ്യർത്ഥ സങ്കൽപം വരുന്നെങ്കിൽ സമ്പൂർണ്ണത അല്ല. വ്യർത്ഥ സങ്കല്പം വരുന്നുണ്ടോ എന്ന് പരിശോധിക്കണം. ഏതെങ്കിലും വിധത്തിലുള്ള വ്യർത്ഥ സങ്കൽപം സമ്പൂർണ്ണതയിൽ നിന്ന് ദൂരെയാക്കുന്നില്ലല്ലോ? പുരുഷാർത്ഥത്തിൽ മുന്നേറുമ്പോൾ രാജകീയ രൂപത്തിൽ വ്യർത്ഥ സങ്കല്പം വ്യർത്ഥ സമയം സമാപ്തമാക്കുന്നില്ലല്ലോ? രാജകീയ രൂപത്തിലുള്ള അഭിമാനവും അപമാനവും വ്യർത്ഥ സങ്കലപങ്ങളുടെ രൂപത്തിൽ യുദ്ധം ചെയ്യാറില്ലല്ലോ?ഏതെങ്കിലും പരമാത്മ ദാനം അഭിമാന രൂപത്തിൽ സ്വന്തം വിശേഷതയായി മനസിലാക്കുകയാണെങ്കിൽ ആ വിശേഷതയുടെ അഭിമാനം താഴേക്ക് പോകുന്നു. വിഘ്ന രൂപമാകുന്നു, സൂക്ഷമ രൂപത്തിലുള്ള അഭിമാനം വരുന്നത് ഇങ്ങനെയാണ്, അറിയാവുന്നതാണ് എന്റേത് എന്ന ഭാവം വന്നു, എന്റെ പേര്,പദവി,അഭിമാനം വേണം, ഈ എന്റേത് അഭിമാനത്തിന്റെ രൂപമെടുക്കും. ഈ വ്യർത്ഥ സങ്കല്പങ്ങളും സമ്പൂർണ്ണതയിൽ നിന്ന് ദൂരെയാക്കും,ബാപ്ദാദ ആഗ്രഹിക്കുന്നത് സ്വമാനം ആണ്, അഭിമാനവും ഇല്ല, അപമാനവും ഇല്ല. വ്യർത്ഥ സങ്കല്പം വരുന്നതിനുള്ള കാരണം ഇതാണ്.

ബാപ്ദാദ ഓരോ കുട്ടിയേയും ഡബിൾ അധികാരത്തിന്റെ നിശ്ചയത്തിലും ലഹരിയിലും കാണാനാണ് ആഗ്രഹിക്കുന്നത്. ഡബിൾ അധികാരം ഏതാണ്? ഒന്ന് ബാബയുടെ ഖജനാവുകളുടെ അധികാരി രണ്ടാമത്തേതാണ് സ്വരാജ്യ അധികാരം. രണ്ടിലും അധികാരം. ബാലകനുമാണ് അധികാരിയുമാണ്. ബാപ്ദാദ കാണുന്നുണ്ട് എല്ലാവരും ബാലകനാണ്,എല്ലാവരും എന്റെ ബാബ എന്നാണ് പറയുന്നത്. എന്റെ ബാബ ആകുമ്പോൾ തീർച്ചയായും ബാലകനാണ്. എന്നാൽ ബാലകനൊപ്പം രണ്ടു പ്രകാരത്തിലെ അധികാരിയും. അധികാരി ആക്കുന്നതിൽ സംഖ്യ ക്രമത്തിലാകുന്നു. ഞാൻ ബാലകനൊപ്പം അധികാരിയാണ്. സമ്പത്തിന്റെ ഖജനാവ് പ്രാപ്തമായി അതിനാൽ ബാലകനാണെന്ന് നിശ്ചയവും ലഹരിയും ഉണ്ട്, പക്ഷെ അധികാരി ആണെന്ന പ്രായോഗിക നിശ്ചയത്തിന്റെ ലഹരി വരുന്നതിൽ സംഖ്യാ ക്രമത്തിലാകുന്നു. സ്വാരാജ്യ യജമാനൻ, ഇതിൽ വിശേഷമായി വിഘ്നമുണ്ടാക്കുന്നത് മനസ്സാണ്. മനസ്സിന്റെ അധികാരി ആകണം, ഒരിക്കലും മനസ്സിന് വശപ്പെട്ടവരാകരുത്. സ്വാരാജ്യ അധികാരി എന്നാണ് പറയുന്നത്,സ്വാരാജ്യ അധികാരി എന്നാൽ രാജാവാണ്, ഏതുപോലെ ബ്രഹ്മാബാബ നിത്യവും പരിശോധിച്ച് മനസ്സിന്റെ അധികാരി ആയി വിശ്വത്തിന്റെ യജമാനന്റെ അധികാരം പ്രാപ്തമാക്കി. രാജാവാകുമ്പാൾ ഈ മനസ്സും ബുദ്ധിയും മന്ത്രിയാണ്, വ്യർത്ഥ സങ്കല്പങ്ങൾ വരുന്നത് മനസ്സിലാണ്, മനസ്സ് വ്യർത്ഥ സങ്കൽപ്പങ്ങൾക്ക് വശപ്പെടുന്നു. ഓർഡർ അനുസരിച്ച് നടക്കുന്നില്ലെങ്കിൽ മനസ്സ് ചഞ്ചലമാകുന്നത് കാരണം പരവശപ്പെടുന്നു. പരിശോധിച്ച് നോക്കണം. മനസ്സിനെ കുതിര എന്ന് വിളിക്കുന്നു, ചഞ്ചലമായത് കാരണം! നിങ്ങൾക്ക് ശ്രീമത്തിന്റെ കടി

ഞ്ഞാൺ ഉണ്ട്. ശ്രീമത്തിന്റെ കടിഞ്ഞാൺ അല്പമെങ്കിലും അയഞ്ഞു പോയാൽ മനസ്സ് ചഞ്ചലമാകുന്നു. കടിഞ്ഞാൺ എന്തുകൊണ്ടാണ് അയഞ്ഞു പോകുന്നത്? ഇടയ്ക്കിടയ്ക്ക് കാഴ്ച്ചകൾ കാണുന്നതിൽ മുഴുകുന്നു. കടിഞ്ഞാൺ അയഞ്ഞു പോകുമ്പോൾ മനസ്സിന് അവസരം കിട്ടുന്നു. ഞാൻ ബാലകനും അധികാരിയും ആണ്, സദാ ഈ സ്മൃതിയിലിരിക്കൂ. ഖജനാവിന്റെ അധികാരിയാണ്,സ്വാരാജ്യത്തിന്റെ അധികാരിയുമാണ്, ഡബിൾ അധികാരിയാണോ?പരിശോധിച്ച് നോക്കണം. അധികാരി ആകുന്നത് കുറയുമ്പോൾ ദുർബല സംസ്ക്കാരം ഇമെർജ്ജ് ആകുന്നു. സംസ്ക്കാരത്തെ പറയുന്നത് എന്താണ്? എന്റെ സംസ്ക്കാരം അങ്ങനെയാണ്, എന്റെ സ്വഭാവം അങ്ങനെയാണ്, ഇതെല്ലം എന്റേതാണോ? എന്റെ സംസ്ക്കാരം എന്നാണു പറയുന്നത്. ഇത് എന്റേതാണോ? എന്റെ സംസ്ക്കാരം എന്ന് പറയുന്നത് ശരിയാണോ? ശരിയാണോ? എന്റേതാണോ അതോ രാവണന്റെ സ്വത്താണോ? ദുർബല സംസ്ക്കാരം രാവണന്റെ സമ്പത്താണ്. അത് എങ്ങനെ എന്റേത് എന്ന് പറയുന്നത്. എന്റെ സംസ്ക്കാരം ഏതാണ്? ഏതാണോ ബാബയുടെ സംസ്ക്കാരം അത് എന്റെയും സംസ്കാരമാണ്. ബാബയുടെ സംസ്ക്കാരം ഏതാണ്?വിശ്വ മംഗളം. ശുഭ ഭാവനയും ശുഭ കാമനയും. ഏതെങ്കിലും ദുർബല സംസ്ക്കാരം എന്റെ സംസ്ക്കാരം എന്ന് പറയുന്നത് തെറ്റാണ്. ഇത് എന്റെ സംസ്ക്കാരം എന്ന് കരുതിയാൽ ഹൃദയത്തിൽ ഇരുത്തുകയാണ്, അശുദ്ധമായ വസ്തു ഹൃദയത്തിൽ ഇരുത്തി. എന്റെ സാധനങ്ങളോട് പ്രീയം ഉണ്ടാകും! എന്റെ എന്ന് കരുതിയാൽ തന്റെ ഹൃദയത്തിൽ സ്ഥാനം നൽകി പലപ്പോഴും കുട്ടികൾക്ക് ഇതുകാരണം കൂടുതൽ യുദ്ധം ചെയ്യേണ്ടി വരുന്നു. അശുഭവും ശുഭവും രണ്ടിനെയും ഹൃദയത്തിൽ ഇരുത്തിയാൽ രണ്ടും എന്ത് ചെയ്യും? യുദ്ധം ചെയ്യില്ലേ! സങ്കല്പത്തിൽ ഇത് വരുന്നു,വാക്കിലും വരുന്നു എന്റെ സംസ്ക്കാരം. ഈ അശുഭ സംസ്കാരമാണോ എന്റെ സംസ്ക്കാരം എന്ന് പരിശോധിക്കണം. സംസ്ക്കാര പരിവർത്തനം ചെയ്യണം.

ബാപ്ദാദ ഓരോ കുട്ടിയുടെയും ചലനത്തിലും മുഖത്തിലും കോടി കോടി മടങ്ങു ഭാഗ്യവാനായി കാണാനാണ് ആഗ്രഹിക്കുന്നത്. പല കുട്ടികളും ഭാഗ്യവാൻ ആയി എന്നാണ് പറയുന്നത്, ചുറ്റി സഞ്ചരിക്കുമ്പോഴെല്ലാം ഭാഗ്യം ഇമെർജ് ആയിരിക്കണം, അത് മെർജ് ആയിപ്പോകുന്നു. ബാപ്ദാദ ഓരോ കുട്ടിയുടെയും മസ്തകത്തിൽ നിരന്തരം ഭാഗ്യ നക്ഷത്രം തിളങ്ങുന്നത് കാണാൻ ആഗ്രഹിക്കുന്നു. ആര് നിങ്ങളെ കാണുമ്പോഴും മുഖത്തിലും ചലനത്തിലും കൂടി ഭാഗ്യം കാണണം അപ്പോൾ കുട്ടികളായ നിങ്ങളിലൂടെ ബാബയുടെ പ്രത്യക്ഷത ഉണ്ടാകും, വർത്തമാന സമയത്ത് കൂടുതൽ പേരും അനുഭവം ചെയ്യാനാണ് ആഗ്രഹിക്കുന്നത്, ഏതുപോലെ സയൻസുകാർ ഇക്കാലത്തു പ്രത്യക്ഷ രൂപമാണ് കാണിക്കുന്നത്! അനുഭവം ചെയ്യിപ്പിക്കുകയല്ലേ! ചൂട് അനുഭവം ചെയ്യിപ്പിക്കുന്നു, തണുപ്പ് അനുഭവം ചെയ്യിപ്പിക്കുന്നു. മൗനത്തിന്റെ ശക്തിയും അനുഭവം ചെയ്യാൻ ആഗ്രഹിക്കുന്നു. എത്രമാത്രം സ്വയം അനുഭവത്തിലിരിക്കുന്നുവോ അത്രയും മറ്റുള്ളവരെയും അനുഭവം ചെയ്യിപ്പിക്കാൻ കഴിയും. ബാപ്ദാദയും സൂചന നൽകുന്നു ഇപ്പോൾ കമ്പയിന്റ് സേവനം ചെയ്യൂ. ശബ്ദം കൊണ്ട് മാത്രമല്ല ശബ്ദത്തിനൊപ്പം അനുഭവി മൂർത്തിയായി അനുഭവം ചെയ്യിപ്പിക്കുന്നതിന്റെ സേവനം ചെയ്യൂ. ശാന്തിയുടെ അനുഭവം,സന്തോഷത്തിന്റെ അനുഭവം, ആത്മീയ സ്നേഹത്തിന്റെ അനുഭവം. . . , ഒരു പ്രാവശ്യം അനുഭവം ഉണ്ടായാൽ പിന്നെ ഉപേക്ഷിക്കാൻ കഴിയില്ല, അനുഭവം അങ്ങനെയാണ്. കേട്ട കാര്യം മറക്കും പക്ഷെ അനുഭവം ചെയ്ത കാര്യം മറക്കാൻ കഴിയില്ല. അത് അനുഭവം ചെയ്യിപ്പിക്കുന്നവരുടെ സമീപത്തേക്ക് കൊണ്ട് വരുന്നു.

എല്ലാവരും ചോദിക്കുന്നു മുൻപോട്ട് എന്ത് നവീനതയാണ് ചെയ്യേണ്ടത്? ബാപ് ദാദ കണ്ടു സേവനം എല്ലാവരും ഉന്മേഷം ഉത്സാഹത്തോടെ ചെയ്യുന്നു, ഓരോ വിഭാഗത്തിന്റെയും ചെയ്യുന്നുണ്ട്. ഇന്നും പല വിഭാഗങ്ങളും ഒത്തുകൂടിയിരിക്കുന്നുണ്ട്! മെഗാ പ്രോഗ്രാമുകൾ ചെയ്തു, സന്ദേശം കൊടുത്തു കഴിഞ്ഞു,തന്റെ പരാതികളെ സമാപ്തമാക്കി, ഇതിനുള്ള ആശംസകൾ. ഇത് പരമാത്മ ജ്ഞാനമാണ് ഇപ്പോഴും ഈ ശബ്ദം വ്യാപിച്ചിട്ടില്ല. ബ്രഹ്മാകുമാരിമാർ ചെയ്യുന്നത് നല്ല കാര്യങ്ങളാണ്,ബ്രഹ്മാകുമാരിമാരുടെ ജ്ഞാനം വളരെ നല്ലതാണ്, ഇതാണ് പരമാത്മ ജ്ഞാനം, പരമാത്മാവിന്റെ കാര്യമാണ് നടക്കുന്നത് ഈ ശബ്ദം വ്യാപിക്കണം. മെഡിറ്റേഷൻ കോഴ്സ് ചെയ്യിപ്പിക്കുന്നു, ആത്മാവിന്റെയും പരമാത്മാവിന്റെയും ബന്ധം യോജിപ്പിക്കുന്നുണ്ട്, പരമാത്മാവിന്റെ കാര്യം സ്വയം പരമാത്മാവ് ചെയ്യിപ്പിക്കുന്നു, ഇത് വളരെ കുറച്ചു പേരാണ് അനുഭവം ചെയ്യുന്നത്. ആത്മാവും ധാരണകളും പ്രത്യക്ഷമാകുന്നു,നല്ല കാര്യമാണ് ചെയ്യുന്നത്, നന്നായി പറയുന്നു, നല്ലതു പഠിപ്പിക്കുന്നു,ഇത്രയും ശരിയാണ്. ജ്ഞാനം നല്ലതാണ് എന്നു പറയുന്നു, പരമാത്മാ ജ്ഞാനമാണ്... ഈ ശബ്ദം ബാബയുടെ സമീപത്തേക്ക് എത്തിക്കും,ബാബയുടെ സമീപത്ത് എത്തുമ്പോൾ സ്വതവേ അനുഭവം ചെയ്യും. അങ്ങനെയുള്ള പ്ലാനുകൾ തയ്യാറാകൂ, പ്രഭാഷണങ്ങളിൽ അത്രയ്ക്ക് ശക്തി നിറയ്ക്കൂ അതിലൂടെ പരമാത്മാവിന്റെ സമീപത്തേക്ക് എത്തിച്ചേരും. ദിവ്യഗുണങ്ങളുടെ ധാരണയിൽ ശ്രദ്ധ വന്നിട്ടുണ്ട്, ആത്മാവിന്റെ ജ്ഞാനമാണ് തരുന്നത്,പരമാത്മാവിന്റെ ജ്ഞാനം തരുന്നു, ഇതെല്ലാം പറയുന്നു, പരമാത്മാവ് വന്നു കഴിഞ്ഞു,പരമാത്മാവിന്റെ കാര്യം സ്വയം പരമാത്മാവ് ചെയ്യിപ്പിക്കുന്നു, ഈ പ്രത്യക്ഷത കാന്തം പോലെ സമീപത്ത് കൊണ്ടുവരും. ബാബയെ കിട്ടി എന്ന് മനസിലായപ്പോഴാണ് നിങ്ങളും സമീപത്ത് വന്നത്, ബാബയെ കാണണം. കൂടുതൽ പേരും സ്നേഹികളാണ്, എ

ന്താണ് മനസിലാക്കിയത്?വളരെ നല്ല കാര്യമാണ്. ബ്രഹ്മകുമാരിമാർ ചെയ്യുന്ന കാര്യം വേറെയാർക്കും ചെയ്യാൻ കഴിയില്ല, പരിവർത്തനം ചെയ്യിപ്പിക്കുന്നു. പരമാത്മാവാണ് സംസാരിക്കുന്നത്, പരമാത്മാവിൽ നിന്ന് സമ്പത്ത് നേടണം, അത്രയും സമീപത്തേക്ക് വരുന്നില്ല. മുൻപ് മനസിലാക്കാതിരുന്നതെല്ലാം ബ്രഹ്മ കുമാരിമാർ എന്താണ് ചെയ്യുന്നത്, ഇവരുടെ ജ്ഞാനം എന്താണ്, അതെല്ലാം മനസ്സിലാക്കാൻ തുടങ്ങി. പ രമാത്മാവിന്റെ പ്രത്യക്ഷത മനസ്സിലാക്കിയാൽ പരമാത്മ ജ്ഞാനം തടയാൻ പറ്റില്ല, ഏതുപോലെ നിങ്ങൾ എല്ലാവരും ഓടി വന്നത്, അതുപോലെ ഓടി എത്തും. ഇപ്പോൾ അതുപോലെ പ്ലാൻ തയ്യാറാകൂ, അങ്ങനെ ഉള്ള പ്രഭാഷണം തയ്യാറാകൂ, പരമാത്മ അനുഭൂതിയുടെ പ്രായോഗിക തെളിവ് ആകൂ, അപ്പോൾ കാണാം ബാബയുടെ പ്രത്യക്ഷത. ഇപ്പോൾ നല്ല കാര്യമാണ് ഇവിടെ വരെ എത്തി, നല്ലതാകണം, പരമാത്മ അനു ഭൂതിയിലൂടെ ഈ അല ഉണ്ടാകും. അനുഭവി മൂർത്തിയായി അനുഭവം ചെയ്യിപ്പിക്കൂ. ഡബിൾ അധികാരി എന്ന സ്മൃതിയിലൂടെ ശക്തിശാലി ആയി ശക്തരാക്കൂ. ശരി.

**സേവനത്തിന്റെ അവസരം പഞ്ചാബ് സോണിന്റേതാണ് :–** കൈ ഉയർത്തൂ. നല്ലത്, ഏത് സോണിനാണോ അവസരം കിട്ടുന്നത് അവർ തുറന്ന മനസ്സോടെ എത്തിച്ചേരുന്നു. (പഞ്ചാബ് സോണിൽ നിന്ന് 4000 പേര് വന്നിട്ടുണ്ട്) ബാപ്ദാദയ്ക്കും സന്തോഷം ഉണ്ട് ഓരോ സോണും സേവനത്തിന്റെ അവസരം നന്നായി എ ടുക്കുന്നുണ്ട്. സാധാരണയായി പഞ്ചാബിനെ എല്ലാവരും സിംഹം എന്നു വിളിക്കുന്നു, പഞ്ചാബ് സിംഹം , ബാപ്ദാദ പറയുന്നു സിംഹം എന്നാൽ വിജയി. പഞ്ചാബുകാർ അതിനാൽ തന്റെ മസ്തകത്തിനു നടുവി ൽ വിജയത്തിന്റെ തിലകം അനുഭവം ചെയ്യണം. വിജയ തിലകം കിട്ടിയിട്ടുണ്ട്. ഇത് സദാ സ്മൃതിയിൽ ഉ ണ്ടാകണം നമ്മളാണ് കല്പ കല്പത്തെ വിജയി. ആയിരുന്നു, കല്പ കല്പം ആകും. നല്ലതാണ്. പഞ്ചാ ബിലെ അവകാശി ക്വാളിറ്റി യെ ബാബയുടെ മുൻപിലേക്ക് കൊണ്ട് വരുന്നതിന്റെ പ്രോഗ്രാം ഉണ്ടാക്കുക യല്ലേ! ഇപ്പോൾ ബാപ്ദാദയുടെ മുന്നിൽ അവകാശി ക്വാളിറ്റിയെ കൊണ്ട് വന്നില്ല. സ്നേഹി ക്വാളിറ്റി കൊണ്ട് വന്നു,എല്ലാ സോണുകളും സ്നേഹി ക്വാളിറ്റി യെ കൊണ്ട് വന്നു, അവകാശി ക്വാളിറ്റി കൊണ്ട് വ ന്നില്ല. ഒരുക്കങ്ങൾ ചെയ്യുന്നുണ്ട്! എല്ലാ പ്രകാരത്തിലുള്ളവരും വേണം! അവകാശികളും വേണം, സ് നേഹിയും വേണം, സഹയോഗികളും വേണം, മൈക്ക് വേണം, മൈറ്റും വേണം. എല്ലാ പ്രകാരത്തിലുള്ള വരും ആവശ്യമാണ്. നല്ലതാണ്, സെന്ററുകളുടെ അഭിവൃദ്ധി ഉണ്ടാകുന്നുണ്ട്. ഓരോരുത്തരും ഉന്മേഷ വും ഉത്സാഹത്തോടെയും സേവനത്തിലും അഭിവൃദ്ധി ഉണ്ടാക്കുന്നുണ്ട്, ഇപ്പോൾ ഏത് സോണിൽ ഈ പ്രത്യക്ഷത ഉണ്ടാകുന്നു എന്ന് നോക്കാം പരമാത്മാവ് വന്നു കഴിഞ്ഞു. ബാബയെ ഏത് സോൺ പ്രത്യ ക്ഷമാക്കും, ഇത് ബാപ്ദാദ നോക്കുകയാണ്. ഉടനെ ചെയ്യുമോ? ഉടനെ ചെയ്യാൻ സാധിക്കും. പഞ്ചാബ് നമ്പർ എടുക്കൂ. എടുത്ത് കൊള്ളൂ നല്ലതാണ്. എല്ലാവരും നിങ്ങൾക്ക് സഹയോഗം തരും. വളരെ കാല മായി പ്രയത്നിക്കുന്നുണ്ട് ഇത് തന്നെ,ഇത് തന്നെ, ഇത് തന്നെ. . . ഈ ശബ്ദം വ്യാപിപ്പിക്കണം. ഇപ്പോൾ പറയുന്നത് ഇതും ഉണ്ട്, ഇത് തന്നെ അല്ല. പഞ്ചാബ് എന്ത് ചെയ്യും? ഈ ശബ്ദം കേൾക്കണം ഇത് തന്നെ,ഇത് തന്നെ. . . ടീച്ചർമാർക്ക് സമ്മതമല്ലേ? എപ്പോൾ ചെയ്യും? ഈ വർഷം ചെയ്യുമോ? പുതിയ വ ർഷം ആരംഭിച്ചല്ലോ! പുതിയ വർഷത്തിൽ നവീനത എന്തെങ്കിലും വേണമല്ലോ! ഇതും കൂടി ഉണ്ട്, ഇത് ധാ രാളം കേട്ടു കഴിഞ്ഞു. നിങ്ങളുടെ മനസ്സിൽ ഏതുപോലെ സ്വതവേ ബാബ, ബാബ, ബാബ ഓർമ്മയുണ്ടോ, അതുപോലെ അവരുടെ മുഖത്തിൽ നിന്ന് ഉയരണം നമ്മുടെ ബാബ വന്നു കഴിഞ്ഞു. അവരും പറയും എ ന്റെ ബാബ,എന്റെ ബാബ ഈ ശബ്ദം നാലുകോണിൽ നിന്നും ഉയരണം, എന്നാൽ ഒരു കോണിൽ നിന്നാ ണ് ആരംഭിക്കുക. പഞ്ചാബ് അതിശയം ചെയ്യുമോ? ചെയ്യാതിരിക്കുന്നത് എന്തിന്! ചെയ്തേ മതിയാകൂ. വ ളരെ നല്ലത്. മുൻകൂട്ടി ആശംസകൾ തരുന്നു. ശരി.

എല്ലാഭാഗത്തുമുള്ള സർവ്വ ആത്മീയ റോസാ പുഷ്പങ്ങൾക്ക്, സദാ ബാബയ്ക്ക് വളരെ പ്രീയപെട്ടവരും ,ദേഹബോധത്തിൽ നിന്ന് വളരെ വേറിട്ടതും,ബാപ്ദാദയുടെ ഹൃദയത്തിനു പ്രീയപെട്ടതായ കുട്ടികൾക്ക്,സദാ ഒരു ബാബ, ഏകാഗ്രമായ മനസ്സും, ഏകരസ സ്ഥിതിയിലും സ്ഥിതി ചെയ്യുന്ന കുട്ടികൾക്ക്, നാനാഭാഗ ത്തും വ്യത്യസ്തമായ സമയങ്ങളിൽ,വ്യത്യസ്ത സ്ഥാനങ്ങളിൽ ഇരുന്ന് സയൻസിന്റെ സാധങ്ങളിലൂടെ മധുബനിൽ എത്തിച്ചേരുന്നവർ, സന്മുഖത്ത് കാണുന്നവർക്ക്, എല്ലാ പ്രീയപ്പെട്ട,വളരെ കാലത്തിനു ശേഷം തിരിച്ചു കിട്ടിയ, കല്പ കല്പങ്ങളിലെ പരമാത്മ സ്നേഹത്തിനു അധികാരികളായ കുട്ടികൾക്ക് ബാപ്ദാദ യുടെ സ്നേഹ സ്മരണകളും ഹൃദയത്തിലെ ആശിർവ്വാദങ്ങളും,കോടാനുകോടി മടങ്ങായി സ്വീകരിക്കൂ. ഒപ്പം ഡബിൾ അധികാരികളായ കുട്ടികൾക്ക് ബാപ്ദാദയുടെ നമസ്തേ.

**ദാദിജിയോട്:–** മധുബനിലെ ഹീറോ ആക്ടർ ആണ്, സദാ സീറോ ഓർമ്മയുണ്ടോ? ശരീരം ചലിക്കുന്നില്ല, കുറച്ച് പതുക്കെ പതുക്കെയാണ് ചലിക്കുന്നത് എങ്കിലും എല്ലാവരുടെയും സ്നേഹവും ആശീർവ്വാദങ്ങ ളും മുന്നോട്ട് കൊണ്ടുപോകുന്നു. ബാബയുടേത് ഉണ്ട് ഒപ്പം എല്ലാവരുടേതും ഉണ്ട്. എല്ലാവരും ദാദിയെ സ്നേഹിക്കുന്നുണ്ടല്ലോ! നോക്കൂ എല്ലാവരും പറയുന്നത് ഇതാണ് ദാദി വേണം,ദാദിവേണം. . . ദാദിമാ രുടെ വിശേഷത എന്താണ്? ദാദി മാരുടെ വിശേഷത ആണ് ബാബയുടേ ശ്രീമത് അനുസരിച്ച് ചുവടു വ യ്ക്കുക. മനസ്സിനെ ബാബയുടെ ഓർമ്മയിലും സേവനത്തിലും സമർപ്പണം ചെയ്തു. നിങ്ങൾ എല്ലാവരും

അങ്ങനെയല്ലേ ചെയ്യുന്നത്! മനസ്സിനെ സമർപ്പിക്കൂ. ബാപ്ദാദയും കണ്ടു, മനസ്സ് വലിയ അതിശയങ്ങൾ ചെയ്ത് കാണിക്കും. എന്ത് അതിശയമാണ് ചെയ്യുന്നത്? ചഞ്ചലത ചെയ്യുന്നുണ്ടോ. മനസ്സ് ഏകാഗ്രമാകണം, പതാക മുകളിലേക്ക് ഉയർത്തുന്നത് പോലെ, മനസ്സിന്റെ പതാക ശിവബാബയിൽ ഏകാഗ്രമാകണം. വരുന്നുണ്ട്, സമയം സമീപത്ത് എത്തുന്നു. ഇടയ്ക്കിടയ്ക്ക് ബാപ്ദാദ കുട്ടികളുടെ വളരെ നല്ല നല്ല സങ്കൽപ്പങ്ങൾ കേൾക്കുന്നു. എല്ലാവരുടെയും ലക്ഷ്യം വളരെ നല്ലതാണ്. ശരി. നോക്കൂ ഹാളിന്റെ ഭംഗി എത്ര നല്ലതാണ്. മാല പോലെയുണ്ടല്ലോ! മാലയുടെ മധ്യത്തിൽ മുത്ത് ഇരിക്കുന്നു. ശരി. ഓം ശാന്തി.

## വരദാനം :- മൗനത്തിന്റെ ശക്തിയിലൂടെ സെക്കന്റിൽ മുക്തിയുടെയും ജീവന്മുക്തിയുടെയും അനുഭവം ചെയ്യിപ്പിക്കുന്ന വിശേഷ ആത്മാവായി ഭവിക്കട്ടെ.

വിശേഷ ആത്മാക്കളുടെ അവസാന വിശേഷതയാണ്  സെക്കന്റിൽ ഏത് ആത്മാക്കളെയും മുക്തിയുടെയും ജീവന്മുക്തിയുടെയും അനുഭവി ആക്കി മാറ്റും. വഴി പറഞ്ഞു കൊടുക്കുന്നത് മാത്രമല്ല, ഒരു സെക്കന്റിൽ ശാന്തിയുടെയും അതീന്ദ്രിയ സുഖത്തിന്റെയും അനുഭവം ചെയ്യിപ്പിക്കും. ജീവൻ മുക്തിയുടെ അനുഭവമാണ് സുഖം മുക്തിയുടെ അനുഭവമാണ് ശാന്തി. ആര് മുന്നിൽ വന്നാലും സെക്കന്റിൽ ഇതിന്റെ അനുഭവം ചെയ്യണം  അത്രയും വേഗത ഉണ്ടെങ്കിൽ സയൻസിനു മേൽ സൈലെൻസിന്റെ വിജയം കണ്ടു കൊണ്ട് സർവ്വരുടേയും മുഖത്തിലൂടെ വളരെ നല്ലത് എന്ന ശബ്ദം ഉയരും പ്രത്യക്ഷതയുടെ ദൃശ്യം മുന്നിൽ വരും.

## സ്ലോഗൻ:- ബാബയുടെ ഓരോ ആജ്ഞയിലും സ്വയം തന്നെ സമർപ്പണം ചെയ്യുന്ന സത്യമായ ശലഭങ്ങൾ ആകൂ.

**അവ്യക്ത സൂചന - സങ്കല്പത്തിന്റെ ശക്തി സമ്പാദിച്ച് ശ്രേഷ്ഠ സേവനത്തിന് നിമിത്തമാകൂ.**
ഇപ്പോൾ വാക്കിലൂടെ നിർദ്ദേശങ്ങൾ നൽകേണ്ടി വരുന്നു, അതുപോലെ ശ്രേഷ്ഠ സങ്കല്പങ്ങളിൽ കൂടി എല്ലാ കാര്യങ്ങളും നടക്കും. സയൻസുകാർ താഴെ ഭൂമി മുതൽ മുകളിൽ വരെ നിർദ്ദേശങ്ങൾ എടുക്കുന്നുണ്ട്, താങ്കൾക്ക് ശ്രേഷ്ഠ സങ്കല്പത്തിന്റെ ശക്തിയിലൂടെ മുഴുവൻ കാര്യങ്ങളും ചെയ്യാൻ കഴിയില്ലേ. സംസാരിച്ച് കാര്യങ്ങൾ സ്പഷ്ടമാക്കുന്നതു പോലെ മുന്നോട്ട് പോകുമ്പോൾ സങ്കലപ്പത്തിലൂടെ എല്ലാ കാര്യങ്ങളും നടക്കും, അതിനാൽ ശ്രേഷ്ഠ സങ്കല്പങ്ങളുടെ സമ്പാദ്യം ശേഖരിക്കൂ.